# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2023 ജൂലൈ - ഓഗസ്റ്റ്



## യുവ ചേതനയുടെ മഹാ സംഗമം ലിസ്ബൺ 2023

# SREE VINAYAKA Chappathi Corner

Live & Handmade Chappathi

## PURE VEGETARIAN

Manjummel
Mob : 9626496797
8891096595

Near Convent Bus Stop

ANN'S KIDS KINGDOM
PLAYSCHOOL & DAYCARE

| | |
|---|---|
| CHAPPATHI | 5/- |
| VEG KURUMA | 25/- |
| KADALA (CHANNA) CURRY | 25/- |
| GREEN PEAS CURRY | 25/- |
| TOMATO CURRY | 25/- |
| DHAL CURRY | 25/- |
| CHILLY GOBI | 60/- |
| PANEER BUTTER MASALA | 75/- |

**Visit Vinayaka Chappathi Centre for Health Benefits of Chappathi**





# സ്വസ്തി

2023 ജൂലൈ– ഓഗസ്റ്റ്

രക്ഷാധികാരി
**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ
**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ
**ഫിലോമിന ജോഷി**

പത്രാധിപസമിതി
**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, അഡ്വ. ജെഫ്രിൻ മാനുവൽ,**
**എബി റോഷിൻ, ഷാൾട്ടൻ കൊറയ,**
**ബെറ്റ്സി ബിജു, ജോയൽ ജോണി**

ഉപദേശക സമിതി
**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**വർഗീസ് പുളിക്കൽ**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)

## അകത്താളുകളിൽ

എഡിറ്റോറിയൽ
ഇടയമൊഴി
*യുവചേതനയുടെ മഹാസംഗമം–*
*ലിസ്ബൺ 2023*
പടവുകൾ താണ്ടിയ പാഠങ്ങൾ
അത്ഭുതമണികളിലെ അനുഗ്രഹവർഷം
ഇടവക വാർത്തകൾ

Layout : **L.F. Press, Manjummel.**
Cover Design: **Shalton Correya Poovathumparambil**




# യുക്തിയും ഭക്തിയും

**മി**ത്തും ശാസ്ത്രവും വിശ്വാസവും ചർച്ച ചെയ്യപ്പെടുന്ന ഓണക്കാലം. ഓണം എന്ന മിത്ത് നല്ല രാജ്യത്തെക്കുറിച്ചുള്ള വിശ്വാസമാണ്. മാത്രമല്ല രാഷ്ട്രമീമാംസയിൽ ഏറ്റവും ഉദാത്തമായ ഭരണരീതി  എന്നാൽ നീതിമാനായ ഏകാധിപതിയുടെ ഭരണമാകയാൽ അതു ശാസ്ത്രവുമായും ബന്ധപ്പെടുന്നു. മാനുഷരെല്ലാരുമൊന്നുപോലെ' എന്നതിനപ്പുറം സ്ഥിതിസമത്വവാദ (സോഷ്യലിസ) ത്തിന് വേറെ നിർവചനമെന്തിന്? അത്തരമൊരു കാലം സങ്കൽപ്പം മാത്രമാണെന്നു പറയുന്നവരുണ്ടാകാം. എന്നാൽ ആദിമക്രൈസ്തവർ യാഥാർഥ്യമാക്കിയത് ഈ സാമൂഹ്യ വ്യവസ്ഥിതിയാണ്. ഈ സമൂഹത്തിന്റെ ആകർഷക ശൈലി മറ്റുള്ളവർക്കും പ്രേരണയായി. ഭൂമിയുടെ നാനാഭാഗത്തേക്കും ഈ വിശ്വാസം പടർന്നു പന്തലിച്ചു. വിശ്വസിച്ചവർ എല്ലാവരും ഒറ്റസമൂഹമാവുകയും തങ്ങൾക്കുള്ളതെല്ലാം പൊതുവാക്കുകയും ചെയ്തു (അപ്പ. 2:44).

നിർദ്ദിഷ്ട ഉപാധികൾ കൃത്യമായി പാലിച്ച് ഒരു കാര്യം ചെയ്താൽ അതിന് ഉദ്ദേശിച്ച ഫലവും ലഭിക്കുമ്പോൾ, അതാണ് ശാസ്ത്രം. ഈ കാര്യം ഉപാധികളോടെ എത്ര തവണ ആവർത്തിച്ചാലും അതേ ഫലം ലഭിക്കും. വചനാനുസൃതവും കൂദാശാപരവുമായ ജീവിതം ഉദ്ദിഷ്ട കാര്യസാധ്യത്തിനുതകുമ്പോൾ അവിടെയും ശാസ്ത്രം വിജയമാഘോഷിക്കും. അപ്പോൾ യുക്തി ഭക്തിയെയും സാധൂകരിക്കും.

**ജയ്സൺ റ്റി. ജോൺ**
ചീഫ് എഡിറ്റർ







# ഇടയമൊഴി

സനേഹമുള്ളവരെ,

മനുഷ്യനെ യഥാർത്ഥത്തിൽ അടിമത്തത്തിനു വിധേയമാക്കുന്നത് പാപ മാണ്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പാപം ചെയ്യുന്ന വൻ പാപത്തിന്റെ അടിമയാണ് (യോഹ; 8:34) ഒരുവൻ പാപം ചെയ്യുന്നത് സ്വാർത്ഥതയിൽ നിന്നും അഹങ്കാരത്തിൽ നിന്നുമാണ്. യേശുനാഥൻ നമ്മെ പാപത്തിന്റെ അടിമത്തത്തിൽ നിന്നും സ്വതന്ത്രരാക്കുന്നത് വചനത്തിലൂ ടെയാണ്. യേശുവിൽ വിശ്വസിച്ചാൽ മാത്രം പോരാ വചനത്തിൽ നില നിൽക്കുന്നവർക്കാണ് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുവാൻ സാധി ക്കുക. അവരാണ് യഥാർത്ഥത്തിൽ യേശുവിന്റെ ശിഷ്യന്മാർ. വചനത്തിൽ നിലനിൽക്കുക എന്നാൽ പൂർണഹൃദയത്തോടെ ദൈവത്തെ സ്നേഹി ക്കുക. സഹോദരങ്ങളെ സ്നേഹിക്കുക എന്നതാണ്. അങ്ങിനെയെങ്കിൽ എന്നിലേക്ക് മാത്രം നോക്കി ഇഷ്ടമുള്ളതുപോലെ ജീവിക്കുന്നതല്ല സ്വാതന്ത്ര്യം. സ്വാർത്ഥ താല്പ്പര്യങ്ങൾക്കുവേണ്ടി സമരം ചെയ്തും, അടി ച്ചമർത്തിയും നേടിയെടുക്കേണ്ടതല്ല സ്വാതന്ത്ര്യം. സഹോദരങ്ങളെപ്രതി, കുടുംബത്തെപ്രതി, സമൂഹത്തെപ്രതി സ്നേഹത്തോടെ ചെയ്യേണ്ട, നൽകേണ്ട നന്മയാണ് സ്വാതന്ത്ര്യം. അങ്ങനെ പരസ്പ്പരം സ്വാതന്ത്ര്യം നൽകാൻ സാധിക്കുമ്പോൾ നാമെല്ലാവരും യഥാർത്ഥ സ്വാതന്ത്ര്യം അനു ഭവിക്കുകയും, യേശുവിന്റെ ശിഷ്യന്മാരായി മാറി വചനത്തിൽ ജീവിക്കുന്ന വരായി തീരുകയും ചെയ്യും.

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.,**
വികാരിയച്ചൻ







## ഈശോമിശിഹായ്ക്ക്
## സ്തുതിയായിരിക്കട്ടെ...

**ക്രി**സ്തുവിൽ സ്നേഹം നിറഞ്ഞവരെ,

സന്തോഷങ്ങളും ദു:ഖങ്ങളും കലർന്ന ഈ ജീവിതത്തിൽ നമുക്കു മുന്നേ അനേകം അനുഗ്രഹങ്ങളിലൂടെയും സന്തോഷത്തിലൂടെയും ദു:ഖങ്ങളിലൂടെയും കടന്നുപോയ പരിശുദ്ധ അമ്മയോടു കൂടുതൽ അടുക്കാൻ പരിശ്രമിക്കുന്ന ദിനങ്ങളാണ് ജപമാല മാസത്തിൽ ആഗതമാകുന്നത്. ജപമാലവഴി അമ്മയിലേക്കും അമ്മവഴി ക്രിസ്തുവിലേക്കും അവിടുത്തെ പിതാവിലേക്കും ചേരാൻ നമുക്കാവട്ടെ.

സ്ത്രീകളിൽ അനുഗ്രഹീത എന്നു നാം അംഗീകരിക്കുന്ന പരിശുദ്ധ അമ്മയുടെ ജീവിതം നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോയിട്ടുള്ളതാണ്. എന്നിരുന്നാലും വിശ്വാസവും പ്രത്യാശയും കൈവിടാതെ ദൈവത്തോടു ചേർന്നുനിൽക്കാൻ അമ്മയ്ക്കു സാധിച്ചു. അനുദിന ജീവിതത്തിൽ ഏതൊരവസ്ഥയിലും ദൈവത്തോടും സഹോദരരോടും ചേർന്നുനിൽക്കാൻ ഈ ജപമാല മാസം നമ്മെ സഹായിക്കട്ടെ.

ജപമാല മണികൾ ക്രിസ്തുരഹസ്യം ധ്യാനിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നവയാണ്. അമ്മയെ അറിയാം യേശുവോടൊപ്പം. യേശുവേ അറിയാം ഈ അമ്മയോടൊപ്പം.

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
കൊച്ചച്ചൻ






## യുവചേതനയുടെ മഹാസംഗമം

# ലിസ്ബൺ 2023

**ചെ**റുപ്പക്കാർ സാൻമാർഗികമായി അധഃപതിച്ചവരാണെന്ന് കുറ്റപ്പെടുത്തുന്നവരോട് എനിക്കൊന്നേ പറയാനുള്ളൂ, തെറ്റു പറ്റാത്തവരായി ഒരാൾ പോലുമില്ല. എങ്കിലും നമ്മെ കാത്തിരിക്കുന്ന ദൈവം കാരുണ്യവാനാണ്. ഇരുപത് ലക്ഷത്തിലധികം യുവാക്കളെ സാക്ഷി നിറുത്തി, ലോക യുവജന സമ്മേളനത്തെ അഭിസംബോധന ചെയ്ത് ഫ്രാൻസീസ് മാർപാപ്പ പറഞ്ഞ വാക്കുകളാണിത്. സഭയുടെ ചട്ടക്കൂടിനുള്ളിൽ നിലനിൽക്കാനാഗ്രഹിക്കുന്ന ഏവരെയും തിരുസ്സഭ സ്വീകരിക്കും. പോപ്പ് തുടർന്നു പറഞ്ഞു. 2023 ഓഗസ്റ്റ് 01 മുതൽ 06 വരെ പോർച്ചുഗലിലെ ലിസ്ബൺ നഗരത്തിൽ, ഗലീലി തടാകത്തെ അനുസ്മരിപ്പിക്കും വിധം, തേഗസ് നദിക്കരയിൽ ഒരുക്കിയ വേദിയിലായിരുന്നു ചടങ്ങുകൾ. ലൂക്കാ സുവിശേഷകൻ (1:39) വിവരിച്ചതു പ്രകാരമുള്ള വചനഭാഗം ഉൾക്കൊണ്ട്, 'മറിയം ഉണർന്ന് തിടുക്കത്തിൽ യാത്ര പുറപ്പെട്ടു' എന്നതായിരുന്നു സമ്മേളനത്തിന്റെ മുദ്രാവാചകം. അലംഭാവം കൂടാതെ പ്രേഷിത ദൗത്യം ഏറ്റെടുക്കാനുള്ള ആഹ്വാനമാണ് സമ്മേളനത്തിൽ അലയടിച്ചത്.

ഫാത്തിമായിൽ മാതാവ് പ്രത്യക്ഷമായ കോവാ ദ ഐറിൻ, ക്രിസ്തുരാജ ദേവാലയം, പാദുവായിലെ വി. അന്തോണീസിന്റെ ജന്മദേവാലയം എന്നിവിടങ്ങളിലേക്കുള്ള തീർഥാടനം എന്നിവയും സമ്മേളനത്തിന്റെ ഭാഗമായിരുന്നു. കേരളത്തിൽ നിന്നുള്ള ജീസസ് യൂത്ത് അംഗങ്ങളടക്കം 900 പ്രതിനിധികൾ ഭാരതത്തിൽ നിന്നും പങ്കെടുത്ത സമ്മേളനത്തിൽ 'മാർഗംകളി' ഉൾപ്പെടെ കലാരൂപങ്ങളും അരങ്ങേറി.

●

# പടവുകൾ താണ്ടിയ പാഠങ്ങൾ



മഞ്ഞുമ്മൽ ജി എ യു പി സ്കൂളിൽ വിദ്യാഭ്യാസം തുടങ്ങി ഉന്നത പഠനങ്ങളിലൂടെ, ഇന്ത്യൻ ആണവശക്തി വകുപ്പിലെ ശാസ്ത്രജ്ഞ സംഘത്തിൽ അംഗമായ ഇടവകാംഗം **അഗസ്റ്റിൻ കെ.എ.** [Scientific Officer (Rtd.) Department of Atomic Energy] ജീവിത പാഠങ്ങൾ പങ്കുവയ്ക്കുന്നു.



ഗവേഷകൻ Robert J. Waldingerന്റെ പ്രഭാഷണമാണ് ഈ കുറിപ്പ് എഴുതാൻ പ്രചോദനം. Harvard study of Adult Development ചരിത്രത്തിലെ ഏറ്റവും ദീർഘ മേറിയ ഒരു ഗവേഷണ പരമ്പരയുടെ ഇന്ന് ജീവിച്ചിരിക്കുന്ന ഗവേഷകൻ ആണ് Robert J. Waldinger. ഏതാണ്ട് നാല് നൂറ്റാണ്ട് പഠന ഗവേഷണ രംഗത്ത് വലിയ സംഭാവനകൾ നൽകിയ യൂണിവേഴ്സിറ്റികളിൽ ഒന്നാണ് ഹാർവാർഡ്.1938 ൽ 268 ഹാർവാർഡ് യുവാക്കളിൽ തുടങ്ങി പിന്നീട് സമീപ പ്രദേശങ്ങളിലുള്ള ജനങ്ങളിലേക്കും അവരുടെ ജീവിത പങ്കാളികളിലേക്കും മക്കളിലേക്കും മരുമക്കളി ലേക്കും പേരക്കുട്ടി കളിലേക്കും ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന ഒരു ഗവേഷണ പരമ്പര ആണ് Harvard study of Adult Development. അന്ന് തെരഞ്ഞെടുക്ക പ്പെട്ടവരിൽ വളരെ കുറച്ചുപേർ മാത്രം ഇന്ന് ജീവിച്ചി രിപ്പുള്ളൂ. അവരെല്ലാം 90ന് മേലെ പ്രായമുള്ളവർ ആണ്. പഠന വിധേയരായവർ പലരും വലിയ ബിസിനസുകാരും, നിയമ വിദഗ്ധരും, ഡോക്ടേഴ്സും ഒക്കെ ആയിട്ടുണ്ട്. അമേരിക്കൻ പ്രസിഡന്റ് John F Kennedy അതിൽ ഒരാളാണ്. ചിലർ മദ്യപാനികളും മറ്റു ചില ദു:സ്വഭാവങ്ങളുടെയും അടിമകളും ആയിട്ടുണ്ട്.

സംഘാംഗങ്ങളുടെ ആരോഗ്യനില, ജീവിതശൈലി വിശകലനം, അവരുടെ വിജയങ്ങളും, തോൽവികളും, വിവാഹ ജീവിതം, ജീവിത പങ്കാളിയുടെയും അനന്തരാവകാശികളുടെയും ജീവിത സംതൃപ്തിയും, വിശദമായി ഗവേഷകർ പഠന വിഷയം ആക്കിയിരുന്നു.

ആയിരക്കണക്കിന് പഠന രേഖകൾ ശേഖരിച്ച ഗവേഷണത്തിന്റെ ചില രസകരമായ ഭാഗങ്ങൾ ഇവിടെ പരാമർശിക്കാം.

80% പേരും അവരുടെ ജീവിത ലക്ഷ്യം സമ്പത്ത് ഉണ്ടാക്കുക എന്നതായിരുന്നു.

അതിൽ 50 % സമ്പത്ത് സമൂഹത്തിൽ അംഗീകാരം നേടിത്തരുമെന്ന് വിശ്വസിച്ചിരുന്നു.

മറ്റൊന്ന് പഠനരേഖകളിൽ ഏകാന്തത മനുഷ്യനെ പെട്ടെന്ന് ഇല്ലാതാക്കുന്ന കൊലയാളി ആണെന്നും. അത് മദ്യപാനത്തെക്കാളും പുകവലിയെക്കാളും അപകടകരമാണ് എന്നും പഠന രേഖകളിൽ നിന്നും വിശദീകരിക്കുന്നു.

ഗാഢമായ സാമൂഹ്യബന്ധങ്ങൾ മാനസിക ആരോഗ്യത്തെ സംരക്ഷിക്കുന്നു. പ്രത്യേകിച്ചും പ്രായമായവരിൽ. നല്ല ആത്മബന്ധങ്ങൾ ശരീരത്തിന് മാത്രമല്ല തലച്ചോറിനേയും പരിപോഷിപ്പിക്കുന്നു.

നല്ല ബന്ധങ്ങൾ എന്നതിന് ഒരിക്കലും വഴക്ക് അടിക്കാത്ത ബന്ധങ്ങൾ എന്ന അർത്ഥമില്ല. വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിർത്തി കൊണ്ട് തന്നെ നല്ല ബന്ധങ്ങൾ നിലനിർത്താനാവും.

ജനിച്ച നാൾ മുതൽ മനുഷ്യൻ വൃദ്ധനാകാൻ തുടങ്ങുകയാണ് എന്നതാണ് ശാസ്ത്ര സത്യം.

മനുഷ്യൻ തന്റെ ശരീരം നൂറുവർഷത്തേക്ക് എങ്കിലും ഉപയോഗിക്കാനുള്ളതാണെന്ന് കരുതി അവൻ അവന്റെ ശരീരത്തെ മുൻകൂട്ടി കൈകാര്യം ചെയ്യണം.

സുദീർഘമായ ഈ പഠനത്തിന്റെ എല്ലാ വസ്തുതകളും ഈ ചെറിയ കുറിപ്പിൽ വിശദീകരിക്കാൻ സാധിക്കില്ലെങ്കിലും അതിന്റെ ചുരുക്കം ഒറ്റ വാചകത്തിൽ പറയാം.

മനുഷ്യന്റെ കൊളസ്ട്രോൾ ലെവൽ അല്ല അവൻ അവനവന്റെ ജീവിതപങ്കാളിയോടും മറ്റു കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും സഹജീവികളോടും അവന്റെ 50-ാം വയസ്സിൽ എത്ര ദൃഢവും ആഴത്തിലുള്ള ആത്മബന്ധം സ്ഥാപിക്കുകയോ പരിപാലിക്കുകയോ എന്നുവെച്ചാണ് അവന്റെ 80-ാമത്തെ വയസ്സിലെ ആരോഗ്യവും സന്തോഷവും തീരുമാനിക്കപ്പെടുന്നത്.

എല്ലാവർക്കും സന്തോഷവും ആരോഗ്യവും ആശംസിച്ചുകൊണ്ട്,

**അഗസ്റ്റിൻ K. A.**

തുടരും...

---

ആണവശക്തി വകുപ്പിൽ മുൻ ഉദ്യോഗസ്ഥനും ഭാഭ ആറ്റമിക് റിസർച്ച് സെന്ററിൽ സയന്റിസ്റ്റ്സ് ടീം അംഗവുമായ ലേഖകൻ മഞ്ഞുമ്മൽ ഇടവക ക്രൈസ്റ്റ് ദ കിംഗ്-ബി ഫാമിലി യൂണിറ്റ് അംഗമാണ്.

---





# ജപമാല

## അത്ഭുതമണികളിലെ അനുഗ്രഹവർഷം

മറിയത്തിന്റെ പാഠശാലയിലിരുന്ന് ക്രിസ്തുവിനെ ധ്യാനിക്കുന്നതിനും അനുകരിക്കുന്നതിനുമുള്ള മാർഗമാണ് ജപമാല. ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള ജീവിതത്തിന്റെയും വിശുദ്ധിയുടെയും പ്രാർത്ഥനയാണത്. വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ പാപ്പാ പരിശുദ്ധ കന്യകാമറിയത്തിന്റെ ജപമാല എന്ന അപ്പസ്തോലിക ലേഖനത്തിൽ പഠിപ്പിക്കുന്നതുപോലെ അത് അവിടുന്നിൽനിന്നും പഠിക്കലാണ്; അവിടുത്തോടുള്ള പ്രാർത്ഥനയാണ്, അവിടുത്തോടുള്ള നമ്മുടെ അനുരൂപപ്പെടലാണ്.

ജപമാല ചൊല്ലുക എന്നാൽ മറിയത്തോടൊപ്പം യേശുവിന്റെ തിരുമുഖം ധ്യാനിക്കുക എന്നതല്ലാതെ മറ്റൊന്നുമല്ല. അമ്മയെ ബഹുമാനിക്കുമ്പോൾ പുത്രനെയാണ് ബഹുമാനിക്കുകയും സ്നേഹിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നത്. . പുതിയ പല വെല്ലുവിളികളും നേരിടുന്ന ഈ കാലഘട്ട ത്തിൽ എന്തുകൊണ്ട് മുമ്പേ പോയവരുടെ വിശ്വാസത്തോടുചേർന്ന് നമുക്കും ജപമാലയെ ആശ്രയിച്ചുകൂടാ?

ജപമാല നമുക്ക് വഴിവിളക്കാണ്, ശക്തികേന്ദ്രമാണ്. നിരന്തരം ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഒരു വ്യക്തി പാപത്തിന്റെയും അന്ധകാരത്തിന്റെയും ശാപത്തിന്റെയും കെടുതികളിൽനിന്നും രക്ഷിക്കപ്പെടും.

ജപമാല സമാധാനത്തിന്റെ പ്രാർത്ഥനയാണ്. ആക്രമണത്തിന്റെയും പുതിയ മുഖങ്ങൾ പ്രത്യക്ഷപ്പെടുന്ന സഹസ്രാബ്ദത്തിൽ അതു ശത്രുതയുടെ



മതിലുകൾ തകർത്തു നമ്മെ ഒന്നിപ്പിക്കുന്ന ക്രിസ്തുരഹസ്യത്തിൽ ലയിക്കുന്ന ധ്യാനം തന്നെയാണ്. ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയ ത്തോട് ഏറെ ചേർന്നുനിൽക്കുന്ന ഒന്നാണ് ജപമാല

കുടുംബങ്ങളിൽ സമാധാനം ഉണ്ടാകുന്നതിന് മാധ്യസ്ഥം യാചിച്ച് വളരെ ഭക്തിയോടെ ജപമാലയർപ്പിച്ചാൽ അവിടേക്ക് സമാധാനവുമായി അമ്മ കടന്നുവരും. ഭക്തിയോടെ നിരന്തരം, ജപമാല ചൊല്ലുന്ന പല സ്ഥലങ്ങളിലും സുഗന്ധവാഹിനിയായും പലവിധത്തിലുള്ള അടയാളങ്ങൾ നൽകിയും അമ്മ കടന്നുവരുന്നു. പല സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ട് അമ്മ തന്നെ പറയുന്നു നിങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിക്കുവിൻ എന്ന്.

പരിശുദ്ധ അമ്മയോടു നിരന്തരം ജപമാല ചൊല്ലി പ്രാർത്ഥി ക്കുന്നവരെ അമ്മ ഒരു നാളും കൈവിടില്ല. ഏത് അപകടകെണിയിലും നമുക്കു മുൻപേ പോയി അമ്മ നമ്മളെ സഹായിക്കുകയും ശക്തിപ്പെടു ത്തുകയും ചെയ്യും. അഖണ്ഡ ജപമാലയുടെ ശക്തി എത്ര വലുതാണ്! അമ്മ നമ്മുടെ കൂടെ ആയിരുന്ന് നമ്മെ സഹായിക്കുന്നു,

ഒക്ടോബർ മാസം ജപമാല മാസാചരണമായി നാം ആചരിക്കു മ്പോൾ നമുക്ക് ഇടവിടാതെ ജപമാല ചൊല്ലി പ്രാർത്ഥിക്കാം. എല്ലാ ശത്രുക്കളിൽനിന്നും അപകടങ്ങളിൽ നിന്നും രോഗങ്ങളിൽനിന്നും വിടുതൽ പ്രാപിച്ച് വിശ്വാസത്തോടെ അമ്മയുടെ കരങ്ങളിൽ പിടിച്ച് നമുക്ക് മുന്നേറാം.

## മഹത്വചനങ്ങൾ

ജപമാല ചൊല്ലി കൊണ്ടിരിക്കുന്ന ഒരു സൈന്യത്തെ എനിക്കു തരൂ.. ഞാൻ ഈ ലോകം കീഴടക്കാം? **വാഴ്ത്തപ്പെട്ട പിയൂസ് ഒമ്പതാമൻ**

"യഥാർത്ഥ ക്രിസ്തീയ പരിപൂർണ്ണതയുടെ ഒരു വിദ്യാലയമാണ് ജപമാല പ്രാർത്ഥന" **വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പ**

"ജപമാല ചൊല്ലുമ്പോൾ നാം മാതാവിന്റെ കൈയ്യിൽ പിടിക്കുന്നു ചൊല്ലി കഴിയുമ്പോൾ മാതാവ് നമ്മുടെ കയ്യിൽ പിടിക്കുന്നു."

**ഫ്രാൻസിസ് പാപ്പ**

''എല്ലാ സമയങ്ങളിലും ജപമാല ചൊല്ലുന്ന കുടുംബം എത്ര മനോഹരമായ കുടുംബമാണ്"

**വി.ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ**



# ചരടിൽ കോർത്ത സുവിശേഷം

## ജപമാല അത്ഭുതം

രണ്ടാം ലോക മഹായുദ്ധകാലത്ത് ഹിരോഷിമയിലെ അണുവിസ്ഫോടനത്തെ അതിജീവിച്ച എട്ടുപേരെ മാധ്യമങ്ങൾ കണ്ടെത്തിയിരുന്നു. അണുവികിരണം ശരീരത്തെ ബാധിക്കാത്ത ഫാ. ഷിഫർ ഉൾപ്പെടെയുള്ള ആ എട്ടു  വൈദികരെ പലതവണ ശാസ്ത്രപരീക്ഷണങ്ങൾക്കും ജാപ്പനീസ് അധികാരികൾ വിധേയരാക്കിയിരുന്നു. ഫാത്തിമ മാതാവിന്റെ വചനങ്ങൾ ധ്യാനിച്ച് കൊന്ത ചൊല്ലുക മാത്രമാണ് തങ്ങൾ ചെയ്തതെന്ന് വൈദികർ സാക്ഷ്യം നൽകി.

## ടാങ്കിനു മുന്നിൽ സ്നേഹം

ഫിലിപ്പൈൻ വിപ്ളവ കാലത്ത് കന്യാസ്ത്രീ മഠം ലക്ഷ്യമാക്കി പാറ്റൻ ടാങ്കുകൾ വന്നടുത്ത കാലം. കന്യാസ്ത്രീകൾ പ്രാർഥിച്ചതൊന്നു മാത്രം. ഞങ്ങളെ ടാങ്കുകൾ ഞെരിച്ചൊടുക്കികൊള്ളട്ടെ. ജനങ്ങളെ അവർ വെറുതെ വിട്ടാൽ മതി! അത്ഭുതമെന്നു പറയട്ടെ രോഷത്തോടെ വന്നടുത്ത പട്ടാളക്കാർ കന്യാസ്ത്രീകൾക്കൊപ്പം കൊന്ത ചൊല്ലി കുശലം പറഞ്ഞ് കടന്നുപോയി, അവരിലാരെയും ഉപദ്രവിക്കാതെ!

## കൊന്തയ്ക്കായി തല കുനിഞ്ഞാൽ

അഫ്ഘാനിസ്ഥാനിലെ അമേരിക്കൻ സേനയിൽപ്പെട്ട സൈനികനായിരുന്നു ഗ്ലെൻഹോക്ടൺ.. വീണുപോയ കൊന്ത വീണ്ടെടുക്കാൻ അദ്ദേഹം തല കുനിച്ചപ്പോഴാണ് കുഴിബോംബ് സ്ഫോടനം. നിസാരപരിക്കുകളോടെ രക്ഷപ്പെട്ട ഹോകടൻ, ജപമാലയുടെ പ്രേഷിതനാണിന്ന്.

# വിനയം കപടതയല്ല

**വി**നയം എന്ന ഗുണം വളരെ കുറച്ചുപേർക്കേ ഉണ്ടാവൂ. പണമധികം വന്നുകഴിഞ്ഞാൽ വിനയം ഇല്ലാതാകും. അതുപോലെ പ്രശസ്തി വന്നാലും വിനയമില്ലാത്തവനാകും. അറിവുള്ളവന് വിനയം ഉണ്ടാവണമെന്നില്ല.

വിനയം ഇല്ലാതെ പോകുന്നതിനു പ്രധാനകാരണം താൻ മറ്റുള്ളവരെക്കാൾ മേലെയാണ് എന്ന ധാരണ വരുമ്പോഴാണ്. എനിക്കു മറ്റവനെക്കാൾ അറിവുണ്ട്, അപ്പോൾ പിന്നെ ഞാൻ എന്തിനു താഴ്ന്നു നില്ക്കണം? എനിക്ക് മറ്റവനെക്കാൾ അധികാരം കൂടുതൽ ഉണ്ട്. ഞാൻ എന്തിന് അയാളെ ബഹുമാനിക്കണം? ഇങ്ങനെ താരതമ്യം ചെയ്താണ് അഹന്തയുണ്ടാവുന്നത്. ഈ അഹന്തയാണ് വിനയമില്ലാതാക്കിത്തീർക്കുന്നത്.

എന്നാൽ വിനയമില്ലാത്തവൻ നേടിയ അറിവ് നിഷ്ഫലമാണ്. പഠിക്കുന്തോറും വിനയം വർദ്ധിക്കുകയാണ് വേണ്ടത്. തന്നെപ്പോലെതന്നെയാണ് മറ്റുള്ളവനുമെന്ന തിരിച്ചറിവാണ് വിദ്യയുടെ ഏറ്റവും വലിയ ഉൾക്കാഴ്ച.

മാത്രമല്ല, പ്രപഞ്ചത്തിന്റെ മുന്നിൽ താൻ എത്ര നിസ്സാരനാണ് എന്ന് അയാൾ തിരിച്ചറിയുന്നു. ആ തിരിച്ചറിവ് അയാളെ വിനയാന്വിതനാക്കുന്നു. ആ വിനയം കപടതയല്ല.

പ്രശസ്തി നേടാനും വേണ്ടിയുള്ള കുറുക്കുവഴിയല്ല, അഭിനയവുമല്ല വിനയം. മറിച്ച് ഹൃദയത്തിന്റെ വിശാലതയിലാണ് അയാൾ തലകുനിച്ചു നിൽക്കുന്നത്. അങ്ങനെ തലകുനിക്കുമ്പോൾ ലോകവും അയാളെ നോക്കി നമ്രശിരസ്കനായി നില്ക്കും.





# വിശ്വാസ സത്യം

കത്തോലിക്ക സഭ പരിശുദ്ധ മറിയത്തെ നിത്യ കന്യകയായ ദൈവമാതാവായി വണങ്ങുകയും ദൈവ കൃപയാൽ പ്രത്യേകമായ പ്രീതി ലഭിച്ചവളായി ഗണിക്കുകയും ചെയ്യുന്നു. ലോക ജീവിതത്തിന്റെ പൂർത്തീകരണത്തിൽ മറിയം സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടതായി കത്തോലിക്ക സഭ വിശ്വസിക്കുന്നു. മറിയത്തെ വിശ്വാസികൾ പൊതുവെ വിശുദ്ധ കന്യക മറിയം എന്ന് സംബോധന ചെയ്ത് വണങ്ങുന്നു.

1950ൽ പീയൂസ് 12-ാമൻ പാപ്പ മറിയത്തിന്റെ സ്വർഗാരോപണം വിശ്വാസ സത്യമായ് പ്രഖ്യാപിച്ചു. ആത്മാവിലും ശരീരത്തിലും കറകൂടാതെ ജനിക്കുകയും ജീവിക്കുകയും ചെയ്ത പരിശുദ്ധ കന്യകാ മറിയം ഈ ലോക ജീവിതത്തിനുശേഷം ശരീരത്തോടും ആത്മാവോടും കൂടി സ്വർഗീയ ആനന്ദത്തിലേക്ക് എടുക്കപ്പെട്ടു എന്നതാണ് സഭയുടെ പാരമ്പര്യ വിശ്വാസം.

"പത്തുലക്ഷത്തോളം കുടുംബങ്ങൾ എല്ലാ ദിവസവും ജപമാല ചൊല്ലുകയാണെങ്കിൽ, ലോകം മുഴുവനും രക്ഷപ്പെടും."

**വി. പീയൂസ് പത്താമൻ മാർപാപ്പ**

"ലോക സുഖങ്ങൾ വെടിയുവാൻ സന്നദ്ധതയുള്ള പത്ത് മനുഷ്യരെ എനിക്കു തരുക. അവരെക്കൊണ്ട് ഈ ലോകത്തെ മാറ്റി മറിക്കാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്."

**വി. ഫിലിപ്പ് നേരി**


Wedding
Kevin & Rukku
28.08.2023
Congratulations


Congratulations
25th Wedding Anniversary
28.9.2023
Antony & Jaina
Karackal


Congratulation
Baptism
Derek Antony
S/o Antony Alex & Anitta Mathew
Kollamparambil house
20/08/2023


Congratulation
Baptism
Ezek Vineeth Padamadan
S/O Vineeth Antony & Anu P.R.
Padamattummel H Manjummel
09.07.2023

*Congratulations*

*Baptism*

**Angel Antony**

**D/o ANTONY BINIL & CHINNUMOL**

**Palakkathara House**
**Manjummel**

**03/09/2023**





*Congratulations*

**1st Holy Communion**

**Kevin Antony**

**S/o Siju Antony & Mary Sini**

**Palakkathara House**
**Manjummel**

**22/04/2023**



Congratulations

Wedding

**Jovin Joseph**
**&**
**Ashna Antony**

**21.08.2023**

Congratulations



# സ്നേഹസ്മരണയ്ക്ക്...!!!

നമ്മുടെ ഇടവക ദേവാലയത്തിൽ 1992 മുതൽ 2021 വരെ
ദീർഘമായ 29 വർഷം കപ്യാരായി സ്തുത്യർഹമായ
സേവനം അനുഷ്ഠിച്ച് ഇപ്പോൾ
നിത്യതയിലേയ്ക്ക് യാത്രയായ പ്രിയപ്പെട്ട
**റാഫേൽ ചേട്ടന്** (റാഫേൽ വിരപ്പശ്ശേരി)
**ഇടവക ജനതയുടെ**
**ഹൃദയം നിറഞ്ഞ ആദരാഞ്ജലികൾ..!**



## കപ്യാരേട്ടൻ... ഒരു ഓർമകുറിപ്പ്

2010 – ൽ മാത്യൂസ് കുമ്പളത്തുപറമ്പിൽ ഒ.സി.ഡി. അച്ചൻ സഹവികാരിയായിരിക്കുമ്പോൾ കപ്യാരേട്ടൻ ആണ് എന്നെ അൾത്താരസംഘത്തിലേക്ക് ചേർക്കുന്നത്. പിന്നീട് പള്ളിയോടും ഇടവകയോടും ചേർന്ന എന്റെ ഏഴ് വർഷക്കാലത്തെ അൾത്താര ശുശ്രൂഷ ജീവിതത്തിൽ കപ്യാർ ആയ റാഫേലേട്ടന്റെ ഒപ്പം സേവനമനുഷ്ഠിക്കാൻ കഴിഞ്ഞത് എന്റെ ബാല്യത്തിലെയും കൗമാരത്തിലേയും മറക്കാനാവാത്ത ഓർമ്മകളാണ്.

എപ്പോഴും കർമനിരതനായിരുന്നു റാഫേലേട്ടൻ അഥവാ കപ്യാരേട്ടൻ. 1992 മുതൽ 2021 വരെ ഇടവകയ്ക്ക് വേണ്ടി സേവനമനുഷ്ഠിച്ച അദ്ദേഹം അധ്വാനത്തിന്റെ വലിയൊരു മാതൃകയായി നിലകൊള്ളുന്നു. അൾത്താര ബാലകനായിരിക്കുമ്പോൾ പലപ്പോഴുമായി ഞങ്ങൾ വാക്ക് തർക്കത്തിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഒരിക്കൽപ്പോലും അതൊരു വ്യക്തിപരമായ നീരസ്സത്തിലേക്ക് നീങ്ങിയിട്ടില്ല എന്നത് കർമത്തിലെയും സേവനത്തിലെയും അദ്ദേഹത്തിന്റെ പക്വതയെ സൂചിപ്പിക്കുന്നു. അദ്ദേഹം അറിഞ്ഞും അറിയാതെയും പലപ്പോഴും എന്റെ ഗുരുനാഥനായിട്ടുണ്ട്.

ഏത് പാതിരാനേരമായാലും പുലർകാലമായാലും പൂർത്തിയാക്കേണ്ട കർത്തവ്യങ്ങൾ കൃത്യമായി നിർവഹിക്കുന്നത് ഞാൻ അദ്ദേഹത്തിൽ എപ്പോഴും കണ്ടിട്ടുള്ള മേന്മയാണ്. വ്യക്തികളേക്കാളുപരി ദേവാലയത്തിലെ ശുശ്രൂഷകളുടെ ഭംഗിയോടെയുള്ള പൂർത്തീകരണമായിരുന്നു കപ്യാരേട്ടന്റെ മുൻഗണന.

ഒരുമിച്ച് ഓശാന ഞായറിന് കുരുത്തോല വെട്ടിയൊരുക്കിയതും പല ദിനങ്ങളിലും അൾത്താര സജ്ജീകരിച്ചതുമെല്ലാം മനോഹരമായ ഓർമകളായി എന്റെ ജീവിതത്തിൽ എന്നും നിലകൊള്ളും. കപ്യാർ ആയുള്ള സേവനകാലത്തിനു ശേഷവും വാർദ്ധക്യത്തിന്റെ കാലത്തിലും അദ്ദേഹം തന്റെ അദ്ധ്വാനജീവിതം തുടർന്നു. നെറ്റിയിലെ വിയർപ്പുകൊണ്ട് മനുഷ്യൻ ഭക്ഷിക്കട്ടെ എന്ന ദൈവവചനത്തിന്റെ ഉത്തമമാതൃകകളിൽ ഒരു വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. നന്ദി...! കർമനിർവഹണത്തിന്റെ ഗുരുനാഥന്. ഇടവകയുടെ സേവനങ്ങൾക്ക് എന്നും അദ്ദേഹം ഓർമിക്കപ്പെടും. കാരണം, കർത്താവിന്റെ സേവകർക്ക് മരണമില്ലല്ലോ...!

**ജോയൽ ജോണി**



# പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു.

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളായ ആഗസ്റ്റ് 15ന് രാവിലെ 8-നുള്ള ആഘോഷമായ ദിവ്യബലിയോടുകൂടി ആഘോഷിച്ചു. ഫാ. ജോൺസൺ മുടവുശ്ശേരി OCD മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി OCD, സഹവികാരി ഫാ. ഡാനി ആന്റണി OCD എന്നിവർ സഹകാർമ്മികർ ആയിരുന്നു.

# സ്വാതന്ത്ര്യദിനാഘോഷം



ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് രാവിലെ 8-നുള്ള ആഘോഷമായിട്ടുള്ള ദിവ്യബലിക്കു ശേഷം ബ്രദർ ചാൾസ് OCD ദേശീയ പതാക ഉയർത്തി. ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി OCD, സഹ വികാരി ഫാ. ഡാനി ആന്റണി OCD, സെൻട്രൽ കമ്മിറ്റി ലീഡർ ശ്രീ. വർഗീസ് പുളിക്കൽ, സെൻട്രൽ കമ്മിറ്റി സെക്രട്ടറി അഡ്വ. ജെഫ്രിൻ മാനുവൽ തുടങ്ങിയവർ സംസാരിച്ചു.

## ഭവനസന്ദർശനവും വീട് വെഞ്ചിരിപ്പും

ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി OCD-യുടെയും സഹവികാരി ഫാ. ഡാനി ആന്റണി OCD-യുടെയും നേതൃത്വത്തിൽ ഇടവകയിലെ 52 കുടുംബയൂണിറ്റുകളിലെയും ഭവനസന്ദർശനവും വീട് വെഞ്ചിരിപ്പും പൂർത്തിയാക്കി. കൂടാതെ, 52 കുടുംബ യൂണിറ്റുകളിലും സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിന്റെ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കുടുംബയോഗങ്ങളും നടത്തി.

# 2023-ലെ ഇടവക തിരുനാൾ കമ്മിറ്റി

| | |
|---|---|
| **പ്രസുദേന്തി** | **ജോസഫ് കെ.ബി. കളപ്പുരയ്ക്കൽ** |
| ജനറൽ കൺവീനർ | ജോർജ് പാളയത്തിൽ |
| ജോ. കൺവീനർ | വർഗീസ് പുളിക്കൽ |
| | പീറ്റർ കണ്ണാംപറമ്പിൽ |
| ജനറൽ സെക്രട്ടറി | നിഷ ഷൈജു |
| ജോ. സെക്രട്ടറിമാർ | അഡ്വ. ജെഫ്രിൻ മാനുവൽ |
| | ജിനി ബാറ്റൻ |

## വിവിധ കമ്മിറ്റി കൺവീനർമാർ

| | |
|---|---|
| ലിറ്റർജി | ഡിക്സൻ കോയ്മക്കാട് |
| സ്റ്റേജ് ഡെക്കറേഷൻ | സാന്റീൻ ആന്റണി |
| ലൈറ്റ് & സൗണ്ട് | ടൈറ്റസ് വടശ്ശേരി |
| പബ്ലിസിറ്റി | വിക്ടർ ജോൺ |
| പ്രോഗ്രാം കമ്മിറ്റി | സേവ്യർ അഴിനാക്കൽ |
| കരിമരുന്ന് കമ്മിറ്റി | ബെനഡിക്ട് കോതേത്ത് |
| റിസപ്ഷൻ കമ്മിറ്റി | എജിദിയൂസ് പാളയത്തിൽ |
| ഫുഡ് കമ്മിറ്റി | എ.ആർ. പയസ് അറക്കൽ |
| വൊളന്റിയർ കമ്മിറ്റി | പി.ഡി. ജോൺസൻ പയ്യപ്പിള്ളി |
| വാദ്യമേളം കമ്മിറ്റി | ബിനു ജോസഫ് കണക്കംപറമ്പിൽ |
| പെയിന്റിംഗ് കമ്മിറ്റി | ഹെൻട്രി സിമേന്തി |

# അമലകാരുണ്യ സഹായനിധി ഭാരവാഹികൾ

| | | |
|---|---|---|
| ചെയർമാൻ | - | ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. |
| വൈസ് ചെയർമാൻ | - | ഫാ. ഡാനി ആന്റണി ഒ.സി.ഡി. |
| കൺവീനർ | - | ഫ്രാൻസീസ് താന്നിക്കാപ്പിള്ളി. |
| സെക്രട്ടറി | - | നിഷ ഷൈജു |
| ജോ. സെക്രട്ടറി | - | അഡ്വ. ജെഫ്രിൻ മാനുവൽ |
| ട്രഷറർ | - | ഫ്രാൻസിസ് ഡിക്രൂസ് |

**കമ്മിറ്റി അംഗങ്ങൾ**

വർഗീസ് പുളിക്കൽ, ജോസ് പി. പള്ളിക്കത്തയ്യിൽ, അഖിൽ സെബാസ്റ്റ്യൻ, ടെറി ജേക്കബ്, ലോറൻസ്, മിനി സിൽവി, സിബി കൊറയ, ജീന ടി.ആർ.

**ഓഡിറ്റേഴ്സ്**

പീറ്റർ മറ്റത്തിത്തറ, സെബാസ്റ്റ്യൻ പെരേര





### മഞ്ഞുമ്മൽ മുട്ടാർ ഫാത്തിമ മാതാ ദേവാലയത്തിൽ

## പരിശുദ്ധ ഫാത്തിമ മാതാവിന്റെയും വിശുദ്ധ യൂദാ തദേവൂസിന്റെയും തിരുനാൾ

**2023 ഒക്ടോബർ 13, 14, 15 തീയതികളിൽ**

**13-10-2023 വെള്ളി മതബോധന ദിനം**

വൈകീട്ട് 5.45ന് കൊടികയറ്റം തുടർന്ന്,
ആഘോഷമായ ദിവ്യബലി.
തുടർന്ന്, മതബോധന വാർഷികാഘോഷം

**14-10-2023 ശനി കുടുംബ ദിനം**

വൈകീട്ട് 6.00ന് ആഘോഷമായ ദിവ്യബലി തുടർന്ന് പ്രദക്ഷിണം.

**15-10-2023 ഞായർ തിരുനാൾ ദിനം**

രാവിലെ 9.00ന് ആഘോഷമായ തിരുനാൾ ദിവ്യബലി, പ്രദക്ഷിണം. വൈകീട്ട് 6.00ന് കൊടിയിറക്കം തുടർന്ന് കലാസന്ധ്യ.

---



## ഒക്ടോബർ ജപമാല മാസാചരണം



ഇടവകയിൽ ജപമാല മാസാചരണത്തിന്റ ആരംഭം കുറിച്ചുകൊണ്ട് മഞ്ഞുമ്മൽ മുട്ടാർ ഫാത്തിമ മാതാ ദേവാലയത്തിൽ **ഒക്ടോബർ ഒന്നു മുതൽ 10 വരെ** ജപമാലയും ദിവ്യബലിയും ഉണ്ടായിരിക്കുന്നതാണ്. തുടർന്നുള്ള ദിവസങ്ങളിൽ ജപമാല JNM ദേവാലയത്തിലും ഇരുപത്തി രണ്ടു മുതൽ ഇടവക ദേവാലയത്തിലും ജപമാല വണക്കം ഭക്തിപൂർവം ആഘോഷിക്കപ്പെടുന്നു. (ഫാത്തിമ മാതാ ദേവാലയത്തിലെ ജപമാല ദിനങ്ങളിലും ഇടവക ദേവാലയത്തിലെ ജപമാല ദിനങ്ങളിലും ഇടവക ദേവാലയത്തിലെ രാവിലെ 7.00നുള്ള ദിവ്യബലി ഉണ്ടായിരിക്കുന്നതല്ല.)

## 2023 ഒക്ടോബർ 22–ാം തിയതി വെള്ളി മുതൽ

## ആഘോഷമായ *ജപമാല* ബ്ലോക്ക് അടിസ്ഥാനത്തിൽ

**വൈകിട്ട് 5.30ന് : ദിവ്യബലി, ജപമാല, പരിശുദ്ധ കുർബ്ബാനയുടെ ആശിർവാദം**

**22 – 10 – 2023 ഞായർ**

**ബ്ലോക്ക് 1 ബെത്‌ലേഹം നിയോഗം – ഇടവകയ്ക്കുവേണ്ടി**

സെ. ജോസഫ് ജി.എഫ്, അമലാംബിക, മദർതെരേസ, വിമലാംബിക ബി., പത്താം പീയൂസ്

**23 – 10 – 2023 തിങ്കൾ**

**ബ്ലോക്ക് 2 നസ്റത്ത് നിയോഗം – കുടുംബ ബന്ധങ്ങൾക്കുവേണ്ടി**

വിമലാംബിക എ, ലൂർദ്ദ്മാതാ, നിർമ്മലാംബിക A, നിർമ്മലാംബിക B, മരിയാംബിക

**24 – 10 – 2023 ചൊവ്വ**

**ബ്ലാക്ക് 3 ജോർദ്ദാൻ നിയോഗം – മാതാപിതാക്കൾക്കുവേണ്ടി**

കർമ്മലമാതാ, സെ.ജോൺ ഓഫ് ദി ക്രോസ്സ്, ഫാത്തിമ മാതാ, സെ.പോൾ

**25 – 10 – 2023 ബുധൻ**

**ബ്ലോക്ക് 4 കാനാ നിയോഗം – വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കുവേണ്ടി**

സെ.മേരീസ്, നല്ലിടയൻ A, നല്ലിടയൻ B, ലിറ്റിൽ ഫ്ളവർ A, ലിറ്റിൽ ഫ്ളവർ B, ഷാരോൺ

**26 – 10 – 2023 വ്യാഴം**

**ബ്ലോക്ക് 5 ബത്സെയ്ത്താ നിയോഗം – ലോകസമാധാനത്തിനുവേണ്ടി**

സെ. സെബാസ്റ്റ്യൻ എ, സെ.സെബാസ്റ്റ്യൻ ബി, സെ.സെബാസ്റ്റ്യൻ സി, ആരാധന എ, ആരാധന ബി, ഹോളി ഫാമിലി എ, ഹോളി ഫാമിലി ബി, ഡോൺബോസ്കോ

**27 – 10 – 2023 വെള്ളി**

**ബ്ലോക്ക് 6 ബഥനി നിയോഗം – രോഗികൾക്കുവേണ്ടി**

സെ. ജൂഡ്, അമലോത്ഭവമാതാ, സേക്രട്ട്ഹാർട്ട്, ക്രൈസ്റ്റ്, ഡോമിനിക് സാവിയോ

**28 – 10 – 2023 ശനി**

**ബ്ലോക്ക് 7 ജറുസലേം നിയോഗം – മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി**

എയ്ഞ്ചൽ, സെ.ആന്റണി എ., ക്രൈസ്റ്റ് ദി കിംഗ് എ, ക്രൈസ്റ്റ് ദി കിംഗ് ബി., കാർമൽ എ, കാർമൽ ബി

**29 – 10 – 2023 ഞായർ**

**ബ്ലോക്ക് 8 ഷാലോം നിയോഗം – ദൈവ വിളിക്കുവേണ്ടി**

മേരി മാതാ എ, മേരി മാതാ ബി, എയ്ഞ്ചൽ ഗബ്രിയേൽ എ, എയ്ഞ്ചൽ ഗബ്രിയേൽ ബി, എയ്ഞ്ചൽ ഗബ്രിയേൽ സി, സെ.ആന്റെണി ബി, സെ. വിൻസന്റ്, ഡി പോൾ, സെ. ജോസഫ് മാടപ്പാട്ട്

**30 – 10 – 2023 തിങ്കൾ**

**ബ്ലോക്ക് 9 എമ്മാവൂസ് നിയോഗം – തിരുനാളിനുവേണ്ടി**

മേയ, വേളാങ്കണ്ണിമാതാ, ഹോളിസ്പിരിറ്റ്, നിത്യസഹായമാതാ, സെ.ജോസഫ് FACT

**31 – 10 – 2023 ചൊവ്വ**

**യുവജനം നിയോഗം – യുവജനങ്ങൾക്കുവേണ്ടി**

## ക്ലീൻ കൊച്ചി പ്രോഗ്രാമിൽ പങ്കെടുത്തു

സെപ്റ്റംബർ 3 ഞായറാഴ്ച വരാപ്പുഴ അതിരൂപത BCC സംഘടിപ്പിച്ച ക്ലീൻ കൊച്ചി പ്രോഗ്രാമിൽ മഞ്ഞുമ്മൽ അമലോത്ഭവമാതാ ഇടവകയിൽ നിന്നുള്ളവരുടെ സജീവ പ്രാതിനിധ്യം ഉണ്ടായിരുന്നു.



## അഭിനന്ദനങ്ങൾ



എലൂർ നഗരസഭ വയോജനോത്സവം 2023-ൽ നടത്തിയ കലാകായിക മത്സരങ്ങളിൽ വിമലാംബിക A കുടുംബയൂണിറ്റ് അംഗം **ആൽബർട്ട് ഡിക്രൂസ്** മഞ്ചാടിപറമ്പിൽ, നടത്ത മത്സരത്തിൽ മൂന്നാം സ്ഥാനവും കവിത ചൊല്ലൽ മത്സരത്തിൽ രണ്ടാം സ്ഥാനവും നേടി.

**ഇടവകയുടെ അഭിനന്ദനങ്ങൾ...!!!**

## യുവജന വാർത്തകൾ

## അഭിനന്ദനങ്ങൾ




മട്ടാഞ്ചേരിയിൽ വച്ച് നടന്ന സബ്ജില്ല വെയിറ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻ ഷിപ്പ് മത്സരത്തിൽ സ്വർണ്ണ മെഡലും കുമ്പളങ്ങിയിൽ വച്ച് നടന്ന ജില്ലാ ലെവൽ ബെഞ്ച് പ്രസ് മത്സരത്തിൽ സ്വർണ്ണ മെഡലും കരസ്ഥമാക്കിയ ഡോൺ ബോസ്കോ യൂണിറ്റ് മഞ്ചാടിപ്പറമ്പിൽ ജോൺസൺ ഡിക്രൂസിന്റെയും ലാൻസി ഡിക്രൂസിന്റെയും മകൾ **ആവ്റിൻ ഡിക്രൂസിന്**

ഇടവകയുടെ അഭിനന്ദനങ്ങൾ...!!!

# അഭിനന്ദനങ്ങൾ

കാസർകോഡ് വച്ചുനടത്തിയ സംസ്ഥാന സ്കൂൾ ടെന്നിക്കോയിറ്റ് ചാമ്പ്യൻ ഷിപ്പിൽ രണ്ടാം സ്ഥാനം നേടിക്കൊണ്ട് അഭിമാനാർഹമായ നേട്ടം കൈവരിച്ച അതുൽ ഡെന്നി, അതുൽ ആന്റണി വി.ബി., ദിൽജിത്ത് ആന്റണി, ആദം സ്റ്റീവ് ബാബു എന്നിവർക്ക് ഇടവക ജനതയുടെ അഭിനന്ദനങ്ങൾ...!



**ദിൽജിത്ത് ആന്റണി**
S/o ആന്റണി & ദീപ
എയ്ഞ്ചൽ യൂണിറ്റ്





**ആദം സ്റ്റീവ് ബാബു**
S/o ബാബു എ.ജെ. &
അലീന ബാബു
എയ്ഞ്ചൽ യൂണിറ്റ്



**അതുൽ ഡെന്നി**
S/o ഡെന്നി സി.ജെ. &
ഫിലോമിന
സെന്റ് വിൻസന്റ് ഡി.
പോൾ യൂണിറ്റ്



**അതുൽ ആന്റണി വി.ബി.**
S/o വിജു ചാക്കോ &
ബീത വിജു
എയ്ഞ്ചൽ യൂണിറ്റ്

## ശുചീകരണം നടത്തി

കാർമൽ യൂത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങളും കേന്ദ്ര സമിതിയൂണിറ്റ് ഭാരവാഹികളും ചേർന്ന് രോഗബാധിതരായി കഴിയുന്ന ഒരു കുടുംബത്തിന്റെ വീടും പരിസരവും ശുചീകരിച്ചു.

## വിനോദയാത്ര നടത്തി

കാർമൽ യൂത്തിന്റെ നേതൃത്വത്തിൽ ഭരണങ്ങാനം, വാഗമൺ എന്നി വിടങ്ങളിൽ സെപ്റ്റംബർ 9-ന് വിനോദയാത്ര നടത്തി. രാവിലെ 6.00ന് മഞ്ഞുമ്മലിൽ നിന്ന് യാത്ര ആരംഭിച്ച് രാത്രി 11 മണിയോടു കൂടി തിരികെയെത്തി. യുവജനങ്ങളും, വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി., മതബോധന അദ്ധ്യാപകരായ ജോസ് ജോൺസൺ, അഖിൽ സെബാസ്റ്റ്യൻ എന്നിവരും വിനോദയാത്രയിൽ പങ്കെടുത്തു.

## വിനോദയാത്രയിൽ നിന്ന്...





## മതബോധന വാർത്തകൾ

### അഭിനന്ദനങ്ങൾ



പാലക്കാട് നടന്ന സംസ്ഥാന ടെന്നീസ് ബോൾ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ എറണാകുളം ജില്ലക്കു മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ടീം അംഗം **ആൽഡ്രിൻ മാത്യു**വിനു (മതബോധന വിഭാഗം X A) മഞ്ഞുമ്മൽ ഇടവകയുടെയും അമലോൽഭവ മാതാ മതബോധന യൂണിറ്റിന്റെയും അഭിനന്ദനങ്ങൾ...!

# പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാൾ ആഘോഷിച്ചു



പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാൾ മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ 2023 സെപ്റ്റംബർ 8, വെള്ളിയാഴ്ച വൈകിട്ട് 5:30ന് ദിവ്യബലിയോട് കൂടി ഇടവകയിൽ ആഘോഷിച്ചു. തിരുനാൾ ദിനം പത്തു വയസ്സിനു താഴെയുള്ള 329 കുട്ടികൾ ആണ് പ്രസുദേന്തിമാരായത്. റവ. ഫാ. യേശുദാസ് തോട്ടുങ്കൽ ഒ.സി.ഡി. മുഖ്യകാർമ്മികത്വം വഹിച്ച ദിവ്യബലിയിൽ സഹകാർമ്മികരായി വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി, സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി, ഫാ.ജോൺ പെരുമുറ്റത്ത് ഒ.സി.ഡി, ഫാ. ബോബി സേവ്യർ ഒ.സി.ഡി, ഫാ. നെൽസൺ പുള്ളിക്കൽ ഒ.സി.ഡി, ഫാ. ജോൺസൻ മുടവശ്ശേരി ഒ.സി.ഡി, എന്നിവർ

സഹകാർമികർ ആയിരുന്നു. ദിവ്യബലിയ്ക്ക് ശേഷം പ്രസുദേന്തിമാരായ കുട്ടികൾക്ക് വേണ്ടി പ്രത്യേക തൈലാഭിഷേക പ്രാർത്ഥന നടത്തുകയുമുണ്ടായി. പരിശുദ്ധ അമ്മയുടെ വ്യത്യസ്ത വേഷങ്ങളണിഞ്ഞ കുഞ്ഞുമക്കൾ ദിവ്യബലിയിൽ പങ്കെടുത്തപ്പോൾ അത് കണ്ണിന് ആനന്ദം പകരുന്ന കാഴ്ചയായി.



**പരിശുദ്ധ അമ്മയുടെ വ്യത്യസ്ത വേഷങ്ങളണിഞ്ഞ കുഞ്ഞുമക്കൾ**

# അഭിനന്ദനങ്ങൾ



വിമലാംബിക എ കുടുംബയൂണിറ്റ് അംഗം കോയ്മക്കാട് ഷോബിൻ & നീന ദമ്പതികളുടെ മകൻ **ഫ്രാൻസിസ്കോ ഷോബിൻ** കേരള സ്റ്റേറ്റ് ഫിൻ സ്വിമ്മിംഗ് ഗ്രൂപ്പ് E Boys 100m. B Fin 3rd, 200 m. B Fin 3rd കരസ്ഥമാക്കിയ **ഫ്രാൻസിസ്കോ ഷോബിന്** മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ അഭിനന്ദനങ്ങൾ (മതബോധന വിഭാഗം ക്ലാസ്സ്-6, ഫാത്തിമ മാതാ ദൈവാലയം)



## നവാതിഥികൾ

1) **കാതറിൻ**
D/o നടക്കപ്പറമ്പിൽ ജെഫ്രിൻ ജോസഫ് & സൽ മേരി വർഗ്ഗീസ്
2) **എസേക്ക് വിനീത് പടമാടൻ** S/o പടമാട്ടുമ്മൽ വിനീത് ആന്റണി & അനു
3) **കിയാൻ എസ്. ജോയ്**
S/o കല്ലൂർ ശ്യാം ജോയി & റീബ ജോൺ
4) **നേതൻ ലിയാൻ**
S/o മാതിരപ്പിള്ളി അനക്സ് ചിഞ്ചു & ലിഡിയ അനക്സ്
5) **ഡെറിക് ആന്റണി**
S/o കൊല്ലംപറമ്പിൽ ആന്റണി അലക്സ് & അനീറ്റ മാത്യു
7) **അന്തോണി പയസ്**
S/o ഉഴുന്നുംകാട്ടിൽ പാട്രിക് പയസ് & ജെറിലിൻ നറ്റാഷ ജെയിംസ്

## ഒന്നായവർ

1) പള്ളിപ്പറമ്പിൽ **എബി ജോസഫ്** & **ഹെലൻ ഷെക്ക**
2) കുളങ്ങര **ജോവിൻ ജോസഫ്** & കുരിശിങ്കൽ **ആഷ്ന ആന്റണി**
3) പൂതോളിപ്പറമ്പിൽ **കെവിൻ വർഗ്ഗീസ്** & കല്ലുമഠത്തിൽ **രുക്കു ജോസഫ്**



# നിത്യതയിലേക്ക്

അവിടുന്ന് എന്നെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കികൊണ്ട്
ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി (യോഹ 16:6)



**വിരോണി ലാസർ**
കൊല്ലംപറമ്പിൽ



**സേവ്യർ സെബാസ്റ്റ്യൻ**
പുത്തൻ ചക്കാലക്കൽ



**ത്രേസ്യാക്കുട്ടി**
ചെറിയകടവിൽ



**ടെൽമ ഫെർണാണ്ടസ്**
പെർപ്പച്ചാൽ വില്ല



**അൽഫോൻസ (ബേബി)**
ഓട്ടുപുരയ്ക്കൽ



**റാഫേൽ**
വിരപ്പശ്ശേരി

# സ്നേഹസ്മരണയ്ക്ക്



## ത്രേസ്യ ബർണാഡ്

കളപ്പുരയ്ക്കൽ, മഞ്ഞുമ്മൽ

13.04.1932 – 07.07.2013







## ട്രീസാ ആന്റണി

മംഗലത്ത്

15.10.1959 – 05.05.2008

## സി.ജെ ബർണാഡ്

കളപ്പുരയ്ക്കൽ, മഞ്ഞുമ്മൽ

31.05.1921 – 19.03.2006

"Action with Love is Service
Serving the community since 1888."

# ST. JOSEPH'S HOSPITAL TRUST

Manjummel P.O, Kochi - 683 501
Ph: 0484 2555344, Mob: 8893247123



## 24 X 7 CATH LAB FACILITY





**Department of Radiology**
**24 X 7 : 1.5T HD MRI & CT, X-RAY**

## 24 X 7, ICU AMBULANCE, LAB, PHARMACY, ACCIDENT & EMERGENCY CARE

### OUR DEPARTMENTS

- 24 x 7 Emergency Medical services
- Cardiology
- Orthopedics
- Spine surgery
- Plastic Reconstructive Surgery
- Pediatrics & Neonatology
- Internal Medicine / General Medicine
- Dental Services
- Ophthalmology (Cataract Surgery)
- General Surgery
- Medical Gastroenterology
- Endoscopy
- Anesthesiology
- Reflexology
- Radiology
- Psychiatry
- ENT
- Audiometry
- Urology
- Obstetrics and Gynecology
- Laparoscopic Surgery
- Physiotherapy
- Rheumatology
- Pulmonology & Respiratory Medicine
- Nephrology
- Dialysis Unit
- Clinical Psychology
- Dermatology
- Neurology
- Acupuncture & Electropathy
- Diabetes Care Clinic
- 24 x 7 Cath Lab Facility

## Department of Gynecology & Obstetrics

"കരുതലോടെ...
മാതൃത്വത്തിലേക്ക്"...



സുരക്ഷ അമ്മയ്ക്കും കുഞ്ഞിനും



എപ്പോഴുമുണ്ട്
ഏറ്റവും മികച്ച
കരുതൽ

**24x7 CRITICAL CARE UNIT.**
**WELL EQUIPPED ICU WITH VENTILATOR SERVICE**